LIBRARY ARCHIVES Kerala Legislative Assembly

സർക്കാരുമായി ഉഭയകക്ഷി ചർച്ച നടത്തി 50 മില്ല്യൻ യൂറോ റെഡ്യൂസ്ഡ് ഇന്ററസ്റ്റ് ലോൺ കെ.ഐ.ഐ.ഡി.സി.-ക്ക് നൽകാമെന്ന് സമ്മതിക്കുകയും ചെയ്തു. ഈ വ്യവസ്ഥകൾ അംഗീകരിച്ചതായി കേന്ദ്രസർക്കാർ (ഡിപ്പാർട്ട്മെന്റ് ഓഫ് എക്കണോമിക് അഫയേഴ്സ്) കെ.ഐ.ഐ.ഡി.സി.-യെ അറിയിക്കുകയും തുടർന്ന് ജർമ്മൻ സർക്കാരിന്റെ സഹായത്തോടുകൂടി ഒരു വിദേശ കൺസൾട്ടൻസി സ്ഥാപനവുമായി ചേർന്ന് പഠനങ്ങൾ നടത്തി. പ്രസ്തുത പദ്ധതിയുടെ പ്രായോഗികത ഉറപ്പാക്കുകയും ഇതിന്റെ അടിസ്ഥാനത്തിൽ വിശദമായ പദ്ധതി റിപ്പോർട്ട് ജർമ്മൻ സർക്കാരുമായി ചേർന്ന് വിദേശ വിദഗ്ധരുടേതുൾപ്പെടെയുള്ള സഹായ സഹകരണങ്ങളോടുകൂടി തയ്യാറാക്കാനുള്ള നടപടിക്രമങ്ങൾ കെ.ഐ.ഐ.ഡി.സി. സ്വീകരിച്ചുവരുന്നു.

തൊഴിൽ നിയമ ഭേദഗതി

21 (*231) ശ്രീ. സി. കൃഷ്ണൻ :
ശ്രീ. എളമരം കരീം :
ഡോ. ടി. എം. തോമസ് ഐസക് :
ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാർലമെന്റിൽ അവതരിപ്പിച്ചിട്ടുള്ള തൊഴിൽ നിയമ ഭേദഗതിയിലെ വ്യവസ്ഥകളോടുള്ള സംസ്ഥാന സർക്കാരിന്റെ നിലപാട് കേന്ദ്ര സർക്കാരിനെ അറിയിക്കുന്നതിനായി ചെയ്ത കാര്യങ്ങൾ വിശദമാക്കുമോ;

(ബി) ഈ നിയമഭേദഗതി തൊഴിൽ മേഖലയിൽ സൃഷ്ടിക്കാനിടയുള്ള പ്രത്യാഘാതം പഠിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ):

(എ) ഷോപ്സ് ആന്റ് എസ്റ്റാബ്ലിഷ്മെന്റ് ആക്ട് പ്രകാരമുള്ള തൊഴിൽ നിയമങ്ങളിൽ മാറ്റം വരുത്തുന്നത് സംബന്ധിച്ച വിഷയത്തിൽ വിവിധ സംസ്ഥാന തൊഴിൽ സെക്രട്ടറിമാരുമായി കേന്ദ്ര ലേബർ സെക്രട്ടറി ചർച്ച നടത്തിയിട്ടുണ്ട്. ഷോപ്സ് ആന്റ് എസ്റ്റാബ്ലിഷ്മെന്റ് ആക്ട് നിലവിലില്ലാത്ത സംസ്ഥാനങ്ങൾക്ക് വേണ്ടിയുള്ള ഒരു കരട് നിയമമാണ് കേന്ദ്ര സർക്കാരിന്റെ പരിഗണനയിലുള്ളത്. ഇപ്പോൾ ഷോപ്സ് ആന്റ് എസ്റ്റാബ്ലിഷ്മെന്റ് ആക്ട് നിലവിലുള്ള സംസ്ഥാനങ്ങൾക്ക് ഇത് ബാധകമായിരിക്കുകയില്ല എന്നതാണ് ചർച്ചയിൽ കേന്ദ്ര സർക്കാർ എടുത്തിരിക്കുന്ന നിലപാട്.

(ബി) പരിശോധിച്ചിട്ടുണ്ട്. ഷോപ്സ് & എസ്റ്റാബ്ലിഷ്മെന്റ് ആക്ട് പ്രകാരമുള്ള നിലവിലെ ബില്ലിൽ പത്തോ അതിൽ കൂടുതലോ ജീവനക്കാർ ഉള്ള സ്ഥാപനങ്ങൾ മാത്രമേ പരിധിയിൽപ്പെടുന്നുള്ളൂ. ആയത് കേരളത്തിൽ പത്തിൽ താഴെ ജോലിക്കാരുള്ള സ്ഥാപനങ്ങളിലെ തൊഴിലാളികളെ ദോഷകരമായി ബാധിക്കുമെന്ന് കരുതപ്പെടുന്നു. നിർദ്ദിഷ്ട ബില്ലിൽ തൊഴിലാളികൾക്ക് അനുവദിക്കുന്ന വിവിധതരം അവധി ആനുകൂല്യങ്ങളിൽ കുറവ് വരുത്തുന്നതിന് നിർദ്ദേശമുണ്ട്.

1960-ലെ കേരള കടകളും വാണിജ്യസ്ഥാപനങ്ങളും നിയമത്തിലെ വകുപ്പ് 18 പ്രകാരം 6 മാസമോ അതിലധികമോ സേവനകാലയളവുള്ള തൊഴിലാളിയെ വിടുതൽ ചെയ്യുന്നതിന് മുന്നോടിയായി ഒരു മാസത്തെ നോട്ടീസോ തത്തുല്യമായ വേതനമോ തൊഴിലുടമ നിർബന്ധമായും നൽകേണ്ടതാണ്. മാത്രമല്ല പിരിച്ചുവിടുന്നതിനുള്ള മതിയായ കാരണവും തൊഴിലാളിയെ അറിയിക്കേണ്ടതാണ്. കേന്ദ്ര സർക്കാർ പാർലമെന്റിൽ കൊണ്ടുവരുന്ന ഈ ബില്ലിൽ ഈ വ്യവസ്ഥ ഉൾപ്പെട്ടതായി കാണുന്നില്ല. ഇത് അസംഘടിത മേഖലയിലെ തൊഴിലാളികൾക്ക് ദോഷകരമാണ്. സ്ത്രീ തൊഴിലാളികൾക്ക് തൊഴിലുടമ യാത്രാ സൗകര്യം ഏർപ്പെടുത്താതെ സ്ത്രീകളെ രാത്രി 7 മുതൽ രാവിലെ 6 വരെ ജോലി ചെയ്യിപ്പിക്കുവാൻ പാടില്ലായെന്ന സംസ്ഥാന നിയമത്തിന്റെ വ്യവസ്ഥയ്ക്ക് വിരുദ്ധമായാണ് പുതിയ കേന്ദ്രബില്ലിലെ നിർദ്ദേശങ്ങൾ ആകയാൽ നിലവിലെ കേരള നിയമത്തിലെ വ്യവസ്ഥകൂടി പുതിയ ബില്ലിൽ ഉൾപ്പെടുത്തേണ്ടതാണെന്നും തൊഴിൽ വകുപ്പ് അഭിപ്രായപ്പെട്ടിട്ടുണ്ട്.

പബ്ലിക് ഹെൽത്ത് പ്രൊട്ടക്ഷൻ ഏജൻസി

22 (*232) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ :
ശ്രീമതി കെ. എസ്. സലീഖ :
ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) :
ശ്രീ. സി. കെ. സദാശിവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് മുൻ കാലങ്ങളെ അപേക്ഷിച്ച് വിവിധതരം പനി- വയറിളക്ക രോഗങ്ങളും അതു മൂലമുള്ള മരണങ്ങളും വർദ്ധിച്ചുവരുന്നതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) പൊതുആരോഗ്യമേഖലയിലുണ്ടായ ദൗർബല്യങ്ങൾക്ക് കാരണമെന്തെന്നും അവ പരിഹരിക്കാനായി സ്വീകരിച്ച നടപടികളെന്തെന്നും അറിയിക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly